മഞ്ചേശ്വരം മണ്ഡലത്തിലെ പട്ടികവർഗ്ഗ വികസന പ്രവർത്തനങ്ങൾ

147 (1110) ശ്രീ. സി. എച്ച്. കുഞ്ഞമ്പു : താഴെ കാണുന്ന ചോദ്യത്തിന് പിന്നോക്ക പട്ടികസമുദായക്ഷേമവും ഊർജ്ജവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം പട്ടികവർഗ്ഗ വികസന വകുപ്പ് മഞ്ചേശ്വരം മണ്ഡലത്തിൽ നടത്തിയ വികസനക്ഷേമ പ്രവർത്തനങ്ങൾ എന്തൊക്കെയാണെന്നും അതിനായതിന്നിനും ചെലവാക്കിയ തുക എത്രയാണെന്നും അറിയിക്കുമോ ?

ഉത്തരം

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം പട്ടികവർഗ്ഗ വികസന വകുപ്പ് മഞ്ചേശ്വരം മണ്ഡലത്തിൽ പട്ടികവർഗ്ഗ ഉപപദ്ധതിയിൽ 8.25 ലക്ഷം രൂപയുടെ കാർഷിക വികസന പ്രവർത്തനങ്ങളും, പ്രാക്തന ഗോത്രവർഗ്ഗക്കാരുടെ ക്ഷേമത്തിനായുള്ള പ്രത്യേക പാക്കേജിലുൾപ്പെടുത്തി 7.52 ലക്ഷം രൂപയുടെ വികസന പ്രവർത്തനങ്ങളും 108 ലക്ഷം രൂപ ചെലവിൽ 90 വീടുകളും പൂർത്തിയാക്കിയിട്ടുണ്ട്. പ്രാക്തന ഗോത്രവർഗ്ഗക്കാരുടെ സമഗ്ര വികസനത്തിനായുള്ള സി.സി.ഡി. പ്ലാനിൽ ഉൾപ്പെടുത്തി 22.73 ലക്ഷം രൂപയുടെ ഭവന നിർമ്മാണ പ്രവർത്തനങ്ങളും 3.89 ലക്ഷം രൂപയുടെ ജീവനോപാധി പ്രവർത്തനങ്ങളും നടന്നു വരുന്നു. പട്ടികവർഗ്ഗക്കാരുടെ പുനരധിവാസ പദ്ധതിയിൽ (TRDM) ഉൾപ്പെടുത്തി 56.25 ലക്ഷം രൂപ ചെലവിൽ 45 വീടുകളും 42.31 ലക്ഷം രൂപ ചെലവിൽ വൈദ്യുതീകരണം, കുടിവെള്ള പദ്ധതികൾ, നടപ്പാതകളുടെ നിർമ്മാണം എന്നിവയും പൂർത്തിയാക്കിയിട്ടുണ്ട്.

എ.റ്റി. ഉമയ്ക്ക് വിദ്യാഭ്യാസാനുകൂല്യങ്ങൾ ലഭ്യമാക്കാൻ നടപടി

148 (1111) ശ്രീ. കെ. കെ. ഷാജു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പിന്നോക്ക പട്ടികസമുദായക്ഷേമവും ഊർജ്ജവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ദേശീയ തലത്തിൽ നടത്തിയ എൻട്രൻസിൽ മൂന്നാം റാങ്ക് നേടി എൽ.എൽ.എം. കോഴ്സിന് നാഷണൽ ലോ ഇൻസ്റ്റിറ്റ്യൂട്ട് യൂണിവേഴ്സിറ്റി ലഭ്യമാക്കാത്തതും ഭോപ്പാലിൽ പഠിക്കുന്ന കേരളത്തിൽനിന്നുള്ള ശ്രീമതി എ.റ്റി. ഉമയുടെ പഠനഫീസും ഹോസ്റ്റൽ ഫീസും മറ്റാനുകൂല്യങ്ങളും യഥാസമയം ലഭ്യമാക്കത്തതുമൂലം വളരെ ഏറെ കഷ്ടത അനുഭവിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; എങ്കിൽ ആയത് പരിഹരിക്കുവാൻ എന്ത് നടപടി സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ ;

(ബി) ഉന്നത പഠനത്തിന് യാതൊരു നിവൃത്തിയും ഇല്ലാത്ത ഇത്തരം മിടുക്കരായ പട്ടിക സമുദായത്തിൽപ്പെട്ട വിദ്യാർത്ഥികൾ വർഷാദ്യം വിവിധ വിദ്യാഭ്യാസാനുകൂല്യങ്ങൾ ലഭിക്കാത്തതുമൂലം അനുഭവിക്കുന്ന ബുദ്ധിമുട്ടുകൾ പരിഹരിക്കുവാൻ എന്തൊക്കെ നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ ;

(സി) ഒന്നാം വർഷ ഫീസ് നൽകുന്നതിനായി തന്റെ പേർക്കുള്ള വസ്തു പണയപ്പെടുത്തുകയും അതിനെതുടർന്ന് ജപ്തി നടപടി ആയിരിക്കുന്നത് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

LIBRARY, KERALA LEGISLATIVE ASSEMBLY